"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2025-26 – മറയൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 2022 ന് അനുവദിച്ച ധനസഹായം റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.181/2026/Co-Op തീയതി, തിരുവനന്തപുരം, 19-03-2026

---

പരാമർശം:- 1. സ.ഉ.(സാധാ)നം.168/2026/സഹ തീയതി 13/03/2026

2. സർക്കുലർ നം. 35/2024/ധന തീയതി 12/06/2024

**<u>ഉത്തരവ്</u>**

മറയൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 2022 ന് മറയൂരിലെ കരിമ്പ് കൃഷിയിൽ ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട്, ഉയർന്ന ഗുണ നിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും, കൃത്യമായ വളപ്രയോഗം, സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പാർക്കിംഗ്, ആധുനിക രീതിയിലുള്ള മാർക്കറ്റിംഗ്, ഇ-കൊമേഴ്സ് സാധ്യതയുടെ പ്രയോജനപ്പെടുത്തൽ എന്നിവ നടപ്പിലാക്കുന്നതിനുള്ള പ്രോജക്ടിനായി, പരാമർശം ഉത്തരവ് പ്രകാരം "സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി" -ക്ക് 1,40,07,560.00 രൂപ (നൂറ്റി നാൽപ്പത് ലക്ഷത്തി ഏഴായിരത്തി അഞ്ഞൂറ്റി അറുപത് രൂപ മാത്രം) ചുവടെ കാണുന്ന അനുപാതത്തിൽ അനുവദിക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവായിട്ടുണ്ട്.

| ഇനം | ശീർഷകം | ബഡ്ജറ്റിൽ വകയിരുത്തിയ തുക ((ലക്ഷത്തിൽ) | ശിപാർശ ചെയ്ത തുക (ലക്ഷത്തിൽ) |
|---|---|---|---|
| സബ്സിഡി | 2425-107-59 | 1440.00 | 15.56395 |
| ഓഹരി | 4425-107-79 | 1260.00 | 46.69187 |
| വായ്പ | 6425-107-68 | 300.00 | 77.81978 |
| ആകെ തുക | | 3000.00 | 140.07560 |

| | | | |
|---|---|---|---|
| (നൂറ്റ് നാല്പത് ലക്ഷത്തി ഏഴായിരത്തി അഞ്ഞൂറ്റി അറുപത് രൂപ) | | | |

2. പ്രസ്തുത തുക അനുവദിക്കുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. മറയൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 2022 ന് മറയൂരിലെ കരിമ്പ് കൃഷിയിൽ ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട്, ഉയർന്ന ഗുണ നിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും, കൃത്യമായ വളപ്രയോഗം, സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പാർക്കിംഗ്, ആധുനിക രീതിയിലുള്ള മാർക്കറ്റിംഗ്, ഇ-കൊമേഴ്സ് സാധ്യതയുടെ പ്രയോജനപ്പെടുത്തൽ എന്നിവ നടപ്പിലാക്കുന്നതിനുള്ള പ്രോജക്ടിനായി ഭരണാനുമതി തുകയുടെ (140.0756 ലക്ഷം രൂപ) 50% തുകയായ 70.03780 ലക്ഷം രൂപ (എഴുപത് ലക്ഷത്തി മൂവായിരത്തിഎഴുന്നൂറ്റിഎൺപത് ലക്ഷം രൂപ മാത്രം) (സബ്സിഡി (50%) - 2425-107-59 , 7.78197 ലക്ഷം ; ഓഹരി (50%) - 4425-107-79 , 23.345935 ലക്ഷം; വായ്പ(50%) - 6425- 107-68 , 38.90989 ലക്ഷംരൂപ) "സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി" പ്രകാരം 2025-26 സാമ്പത്തിക വർഷത്തിൽ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച്കൊണ്ട് പ്രസ്തുത തുക , ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും, 2025-26 സാമ്പത്തികവർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജി ഫിലിപ്പ്
അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/183/2025/സഹ)

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി (ബി3/210/2025)

ഉത്തരവിൻ പ്രകാരം

Signed by
Priyanka T V
Date: 19-03-2026 17:01:39

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.